# എയിഡഡ് സ്കൂളുകളിൽ നിയമനം അംഗീകരിക്കപ്പെട്ടവർക്ക് ശമ്പളവും അർഹതപ്പെട്ടവർക്ക് പ്രമോഷനും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള അവസരവും ലഭിക്കുന്നതിന് അടിയന്തരനടപടി ഉണ്ടാവേണ്ടതാണ്

18-11-2018 ലും 7.5.2019-ലും ഇറങ്ങിയ ഉത്തരവുകൾ പ്രകാരം എയിഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ യഥാക്രമം 3 ശതമാനവും 4 ശതമാനവും ഭിന്നശേഷിസംവരണം മുൻകാലപ്രാബല്യത്തോടെ നടപ്പാക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിനെതിരെ എൻ.എസ്.എസ്. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തെങ്കിലും അനുകൂലവിധി കിട്ടാതെ വന്ന സാഹചര്യത്തിൽ ഡിവിഷൻ ബഞ്ചിലും പിന്നീട് സുപ്രീംകോടതിയിലും ഇതു സംബന്ധിച്ച് അപ്പീലുകൾ സമർപ്പിച്ചു.

സുപ്രീംകോടതിവിധിയും അനുകൂലമാകാത്ത സാഹചര്യത്തിൽ ഭിന്നശേഷി സംവരണം നടപ്പാക്കാൻ എൻ.എസ്.എസ്. തയ്യാറാണ് എന്ന് കോടതിയെ ധരിപ്പിക്കുകയും എന്നാൽ ഭിന്നശേഷിസംവരണം മുൻകാല പ്രാബല്യത്തിൽ നടപ്പാക്കുന്നതിലെ സാങ്കേതികമായ ബുദ്ധിമുട്ടുകൾ കോടതിയിൽ ബോധിപ്പിച്ചതിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഗവണ്മെന്റിനെ സമീപിക്കാൻ ഉത്തരവിട്ടുകൊണ്ട് സുപ്രീംകോടതി കേസ് തീർപ്പാക്കിയിട്ടുള്ളതാണ്.

സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് എൻ.എസ്.എസ്. നിവേദനം സമർപ്പിച്ചെങ്കിലും അതിന്മേൽ നടപടി എടുക്കാൻ കാലതാമസം ഉണ്ടായ സാഹചര്യത്തിലാണ് എൻ.എസ്.എസ്. ഹൈക്കോടതിയെ വീണ്ടും സമീപിക്കാൻ ഇടയായത്. ഇതിനെ തുടർന്ന് എൻ.എസ്.എസ്. സമർപ്പിച്ച പ്രസ്തുത നിവേദനത്തിൽ മൂന്നു മാസത്തിനുള്ളിൽ സർക്കാർ തീരുമാനം എടുക്കണമെന്ന് ഹൈക്കോടതി വിധിക്കുകയും ചെയ്തു. എന്നാൽ സാമൂഹ്യക്ഷേമവകുപ്പ് ഒരു ഹിയറിംഗ് നടത്തിയതല്ലാതെ നാളിതുവരെ ഇക്കാര്യത്തിൽ മറ്റൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഭിന്നശേഷിസംവരണവുമായി ബന്ധപ്പെട്ട മറ്റൊരു കേസിൽ 10.8.2022-ൽ ഹൈക്കോടതിയിൽ നിന്നും ഉണ്ടായ വിധി അനുസരിച്ച് 18.11.2018-ലെ ഗവണ്മെന്റ്ഉത്തരവുപ്രകാരം 7.2.1996 മുതൽ 18.4.2017 വരെയുള്ള ആകെ നിയമനങ്ങളുടെ 3%-വും 19.4.2017 മുതൽ നടന്ന നിയമനങ്ങളുടെ 4%-വും ഭിന്നശേഷിസംവരണം പാലിക്കേണ്ടതാണെന്നും; മേൽപ്പറഞ്ഞ ഭിന്നശേഷിസംവരണ വേക്കൻസികൾ നിർണ്ണയിക്കുന്നതിന് രണ്ടു മാസം മാത്രം കാലയളവ് അനുവദിച്ചുകൊണ്ടും; 18.11.2018 നു ശേഷം നടത്തിയ നിയമനങ്ങളിൽ അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ മേൽപ്പറഞ്ഞ ഭിന്നശേഷിസംവരണം പാലിച്ചു എന്ന് ഉറപ്പാക്കിയതിനു ശേഷം മാത്രമേ അംഗീകാരം നൽകാവൂ എന്നും ഇതിനകം അംഗീകാരം ലഭിച്ച നിയമനങ്ങളുടെ കാര്യത്തിൽ ഇടപെടൽ ഉണ്ടാകില്ല എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

ഒരേ സമയം നിയമനം ലഭിച്ചവരിൽ ചിലർക്ക് അംഗീകാരം ലഭിക്കുകയും മറ്റ് ചിലർക്ക് നിഷേധിക്കപ്പെടുകയുമാണ് ഇതുമൂലം ഉണ്ടായത്. മാത്രമല്ല അംഗീകാരം ലഭിച്ച ചിലരേക്കാൾ ഒന്നു രണ്ട് വർഷം മുൻപ് നിയമനം ലഭിച്ചിട്ടും ചില സാങ്കേതികകാരണങ്ങളാൽ നിയമനാംഗീകാരം ലഭിക്കാതെ വന്നവർക്ക് അവസരം നിഷേധിക്കപ്പെടുകയും ചെയ്യുന്നു.

അംഗീകാരം ലഭിച്ച നിയമനങ്ങളുടെ കാര്യത്തിൽ ഇടപെടൽ ഉണ്ടാകില്ല എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അവർക്ക് ശമ്പളം നിഷേധിക്കുകയും, നിലവിലുള്ള ജീവനക്കാരുടെ അർഹമായ പ്രമോഷന്റെ അംഗീകാരം യാതൊരു കാരണവുമില്ലാതെ തടഞ്ഞുവയ്ക്കുകയും നിലവിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള അവസരം നിഷേധിക്കുകയും ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

ഇങ്ങനെ, ഭിന്നശേഷിസംവരണത്തിന്റെ പേരിൽ, നിയമനം അംഗീകരിച്ചവർക്കുള്ള ശമ്പളവും അർഹമായ പ്രമോഷന്റെ അംഗീകാരവും നിലവിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള അവസരവും നിഷേധിച്ചിരിക്കുന്നത് എയിഡഡ് സ്കൂളുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുകയാണ് എന്ന കാര്യം സർക്കാർ ഓർക്കേണ്ടതുണ്ട്.

ആയതിനാൽ, ഈ മൂന്നുകാര്യങ്ങൾക്കും പ്രായോഗികമായ പരിഹാരം കാണുന്നതിന് സർക്കാർഭാഗത്തുനിന്നും സത്വരമായ നടപടി ഉണ്ടാകേണ്ടതാണ്.